**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 359 — 21.06.2019 ൽ മറുപടിയ്ക്ക്

**ടെക്നോളജി ഇന്നവേഷൻ സോൺ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>,, ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഇ.എസ്. ബിജിമോൾ<br>ശ്രീ.വി.ആർ. സുനിൽ കുമാർ | | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) | |
|---|---|---|---|
| (എ) | യുവത്വത്തിന്റെ സാങ്കേതിക മികവിനെ നാടിന്റെ പുരോഗതിക്ക് ഉപയോഗപ്പെടുത്തുന്നതിന് ഏതൊക്കെ തരത്തിലുള്ള സംവിധാനങ്ങളും പരിപാടികളുമാണ് സർക്കാർ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) | യുവാക്കളുടെ സാങ്കേതിക മികവിനെ സംരംഭമാക്കി മാറ്റി തൊഴിലുകൾ സൃഷ്ടിക്കുന്നതിനും അതിലൂടെ നാടിന്റെ സാമ്പത്തിക വളർച്ചയും ലക്ഷ്യമിട്ടിട്ടുള്ള പ്രവർത്തനങ്ങളാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന നടപ്പിലാക്കിവരുന്നത്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി വിവിധ ഘടകങ്ങളടങ്ങിയ യുവ സംരംഭകത്വ വികസന പദ്ധതിയും ടെക്നോളജി ഇന്നവേഷൻ സോൺ എന്ന പദ്ധതിയും കേരള സ്റ്റാർട്ടപ്പ് മിഷൻ നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം യുവ സംരംഭകത്വ വികസന പദ്ധതിയ്ക്കായി 70 കോടി രൂപയും, ടെക്നോളജി ഇന്നവേഷൻ സോൺ പദ്ധതിയ്ക്കായി 10 കോടി രൂപ യും വകയിരുത്തിയിട്ടുണ്ട്. യുവ സംരംഭകത്വ വികസന പദ്ധതിയുടെ ഘടകങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു. |
| (ബി) | യുവാക്കളിലും വിദ്യാർത്ഥികളിലുമുള്ള സംരംഭകത്വ കഴിവുകൾ തിരിച്ചറിയുന്നതിനും വികസിപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് അറിയിക്കുമോ; | | |
| (സി) | സംസ്ഥാനത്തെ യുവ ബിരുദധാരികളുടെ മനോ ഭാവത്തിൽ മാറ്റം വരുത്തുന്നതിന് ടെക്നോളജി ഇന്നവേഷൻ സോൺ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ വ്യക്തമാക്കുമോ; | (സി) | കളമശ്ശേരിയിൽ 13.2 ഏക്കർ സ്ഥലത്ത് ടെക്നോളജി ഇന്നവേഷൻ സോൺ സ്ഥാപിക്കുന്ന പ്രവർത്തനം പുരോഗമിച്ചു വരുന്നു. ഇതു പൂർത്തിയാകുമ്പോൾ പൂർണ്ണ തോതിലുള്ള ഒരു ഇന്നവേഷൻ ഹബ്ബ് ലഭ്യമാകും. ഇതിനോടകം നിർമ്മാണം പൂർത്തിയാക്കിയ ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. IIITMK യും കേന്ദ്ര സർക്കാരും സംയുക്തമായി ആരംഭിച്ച ഇലക്ട്രോണിക് ഇങ്കുബേറ്ററായ മേക്കർ വില്ലേജ്, കേരള സ്റ്റാർട്ടപ്പ് മിഷനും രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജിയും സംയുക്തമായി ആരംഭിച്ച ബയോ ടെക്നോളജി ഇങ്കുബേറ്ററായ |

| | | | |
|---|---|---|---|
| | . | | ബയോനെസ്റ്റ്, കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഇങ്കുബേറ്റർ, ഫാബ് ലാബ് തുടങ്ങിയവ നിലവിൽ ടെക്നോളജി ഇന്നവേഷൻ സോണിൽ പ്രവർത്തിച്ചുവരുന്നു. യുവാക്കൾ ഉൾപ്പെടെയുള്ള സ്റ്റാർട്ടപ്പ് സംരംഭകർക്ക് മികച്ച കമ്പനികളായി മാറുന്നതിനുള്ള എല്ലാ ഘടകങ്ങളും ലഭ്യമാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. |
| (ഡി) | സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കും യുവസംരംഭകർക്കും അന്താരാഷ്ട്ര സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റവുമായി സഹകരിക്കുന്നതിനുള്ള അവസരം ഒരുക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കും സ്റ്റാർട്ടപ്പുകൾക്കും അന്തർദേശീയ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥകളെ സംബന്ധിച്ച വിജ്ഞാനം ലഭിക്കുന്നതിനും വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി അന്തർദേശീയ വിനിമയ പദ്ധതി എന്ന ഘടകം യുവ സംരംഭകത്വ വികസന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു. FICCI, NASSCOM, IAMAI എന്നീ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന അന്തർദേശീയ സ്റ്റാർട്ടപ്പ് സന്ദർശന പരിപാടികളിൽ കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പുകളെ ഉൾപ്പെടുത്തുന്നതിനുള്ള ചെലവ് വഹിച്ച് ഇത്തരം സന്ദർശനങ്ങളെ പ്രോത്സാഹിപ്പിച്ചുവരുന്നു. കൂടാതെ വിപണനവുമായി ബന്ധപ്പെട്ട് സ്റ്റാർട്ടപ്പുകൾ നടത്തുന്ന അന്തർദേശീയ യാത്രകൾക്ക് ധന സഹായവും നൽകിവരുന്നു. ഇതു കൂടാതെ വനിതാ സ്റ്റാർട്ടപ്പ് സ്ഥാപകർക്ക് അന്താരാഷ്ട്ര ബിസിനസ്സ് മീറ്റുകളിൽ പങ്കെടുക്കുന്നതിനുള്ള യാത്രാ ടിക്കറ്റിന്റെ ചെലവും നൽകുന്നുണ്ട്. |

Sajını

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**യുവ സംരംഭകത്വ വികസന പദ്ധതി**

യുവ സംരംഭകത്വ വികസന പദ്ധതിയുടെ ഘടകങ്ങൾ താഴെ പറയുന്നവയാണ്.

1. **ഇവാഞ്ചലൈസേഷൻ സപ്പോർട്ട്**

   സ്കൂൾ തലം മുതൽ സാങ്കേതികതയിലും സംരംഭകത്വത്തിലും താത്പര്യം ജനിപ്പിക്കുന്നതിനും പരീക്ഷണങ്ങൾക്കും പരിശീലനത്തിനും അവസരം നൽകുന്ന പദ്ധതി.

2. **ഇൻക്യൂബേറ്ററുകൾ**

   ഇൻക്യൂബേറ്ററുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുക, ഇൻക്യൂബേറ്ററുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുക, പ്രവർത്തിച്ച് വരുന്ന ഇൻക്യൂബേറ്ററുകളെ സഹായിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്.

3. **വിജ്ഞാന/നൈപുണ്യ വികസനം**

   ഫാബ് ലാബുകളും മിനി ഫാബ് ലാബുകളും സ്ഥാപിക്കുക, വിവിധ സാങ്കേതിക വർക്ഷോപ്പുകൾ പരിശീലന പരിപാടികൾ തുടങ്ങിയവയുള്ള പദ്ധതി.

4. **ആക്സിലറേറ്ററുകൾ**

   ആക്സിലറേറ്ററുകൾ തുടങ്ങുന്നതിനുള്ള പദ്ധതി.

5. **ഫണ്ടിംഗ് ആന്റ് എന്റർപ്രൈസ് ഡവലപ്മെന്റ്**

   കേരളമടിസ്ഥാനമായി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ ആദ്യകാല നിക്ഷേപം ലഭ്യമാക്കുന്നതിനായി സെബി അംഗീകാരമുള്ള ഫണ്ടുകളിൽ നിക്ഷേപിച്ച് അതിന്റെ ഇരട്ടിയിൽ കുറയാത്ത തുക ലഭ്യമാക്കുന്ന കേരള സ്പെസിഫിക് ഏയ്ജൽ ഫണ്ട് പദ്ധതി, ആദ്യകാല സീഡ് ഫണ്ട് സഹായം നൽകുന്ന പദ്ധതി, പേറ്റന്റുകൾക്ക് ചിലവാകുന്ന തുക തിരികെ നല്കുന്ന പദ്ധതി, സമ്മിറ്റുകൾ, കോൺഫെറൻസുകൾ, ഡെമോഡേ, കണക്റ്റിവിറ്റി തുടങ്ങിയവ ഈ പദ്ധതിയിൻ കീഴിൽ നടപ്പിലാക്കി വരുന്നു.

6. **പ്രോഡക്റ്റൈസേഷൻ / മാർക്കറ്റിംഗ്**

   ഉത്പന്ന വിപണിയിൽ എത്തിക്കുന്നതിനുള്ള സഹായം ഗവേഷണ വികസന പ്രവർത്തനങ്ങൾ, ടെക്നോളജി കോമേഴ്ഷ്യലൈസേഷൻ, പ്ലാറ്റ്ഫോം വികസിപ്പിക്കൽ, വിപണനത്തിനുള്ള സഹായം എന്നിവയാണ് ഈ ഘടകത്തിലൂടെ നിർവഹിക്കുന്നത്.

7. **എക്സ്ചേഞ്ചസ് ആന്റ് ഗ്ലോബൽ ഇമേർഷൻ**

   ആഗോള തലത്തിൽ ലാൻഡിംഗ് പാഡുകൾ സ്ഥാപിക്കുക, വിദ്യാർത്ഥികൾക്കും സ്റ്റാർട്ടപ്പുകൾക്കും അന്തർദേശീയ സന്ദർശനങ്ങൾ തുടങ്ങിയവ ഈ ഘടകത്തിലൂടെ നടപ്പിലാക്കി വരുന്നു.

Saju